പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3397          19.06.2019-ലെ മറുപടിക്ക്

# സേഫ് കേരള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീ. എ.കെ. ശശീന്ദ്രൻ |
| ശ്രീ.വി. കെ. സി. മമ്മത് കോയ | (ഗതാഗത വകുപ്പ് മന്ത്രി) |
| " എ. എൻ. ഷംസീർ | |
| " കെ. ആൻസലൻ | |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി സേഫ് കേരള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | റോഡുകൾ അപകടമുക്തമാക്കുന്നതിനായി 'സേഫ് കേരള' പദ്ധതി കേരള സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന 85 സ്ക്വാഡുകൾ നിലവിലുണ്ട്. 04.06.2018-ലെ സ.ഉ.(കൈ) നം. 42/2018/ ഗതാഗതം, 16.06.2018-ലെ സ.ഉ. (കൈ) നം. 44/2018/ഗതാഗതം എന്നിവ പ്രകാരം സേഫ് കേരള പദ്ധതിയുടെ നടത്തിപ്പിനായി 10 ആർ.റ്റി.ഒ, 65 എം.വി.ഐ, 187 എ.എം.വി.ഐ എന്നിവരുടെ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനു പുറമേ മോട്ടോർ വാഹന വകുപ്പ് കണ്ടെത്തിയ 14 സ്ഥലങ്ങളിൽ കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിന് 13.12.2018-ലെ സ.ഉ.(കൈ) 70/2018/ഗതാഗതം എന്ന ഉത്തരവ് പ്രകാരം മോട്ടോർ വാഹന വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്. സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട വാഹനങ്ങൾ Wet lease ന് എടുക്കുന്നതിനുള്ള Request for Proposal-നും കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിനുള്ള Expression of interest നും 18.01.2019-ലെ സ.ഉ. (സാധാ) 22/2019/ഗതാഗതം എന്ന ഉത്തരവു വഴി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി പുതുതായി സൃഷ്ടിക്കപ്പെട്ട 51 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ഉൾപ്പെടെ നിലവിലുള്ള സംവിധാനങ്ങൾ |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | വിദ്യാർത്ഥികളിൽ ട്രാഫിക് അവബോധം സൃഷ്ടിക്കുന്നതിനായി സ്മാർട്ട് ട്രാഫിക് ക്ലാസ് റൂം പദ്ധതി പോലീസ് വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കുന്നുണ്ടോ; | (ബി) | ട്രാഫിക് ബോധവൽക്കരണത്തിനായി പട്ടം സെന്റ് മേരീസ് സ്കൂളിൽ ഒരു ട്രാഫിക് സ്മാർട്ട് ക്ലാസ് റൂം നിർമ്മിച്ചിട്ടുണ്ട്. കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും ഇത്തരത്തിലുള്ള ട്രാഫിക് സ്മാർട്ട് ക്ലാസ് റൂം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കൊണ്ടിരിക്കുന്നു.<br>കേരളത്തിലെ ഇരുപത് സ്റ്റുഡന്റ് പോലീസ് കേഡറ്റ് സ്കൂളുകളിൽ സ്മാർട്ട് ട്രാഫിക് ക്ലാസ് റൂമുകൾ സ്ഥാപിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ മോട്ടോർ വാഹന വകുപ്പിന് അനുവദിച്ച വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും ഒരു കോടി രൂപ പോലീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. 18.01.2017-ൽ ചേർന്ന 32-ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം പോലീസ് വകുപ്പ് സമർപ്പിച്ച സ്മാർട്ട് ക്ലാസ് റൂം പദ്ധതിക്ക് 88 ലക്ഷം രൂപ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സമാന പദ്ധതി വിദ്യാഭ്യാസ വകുപ്പിലും കൂടി നടപ്പിലാക്കുവാനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പോലീസ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഗതാഗത നിയമലംഘനം തടയുന്നതിനായി പൊതുജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് തേഡ് ഐ എൻഫോഴ്സ്മെന്റ് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ; | (സി) | ഗതാഗത നിയമലംഘനം തടയുന്നതിനായി പൊതുജന പങ്കാളിത്തത്തോടെ 'തേഡ് ഐ' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഹെൽമറ്റ് ഇല്ലാതെയുള്ള ബൈക്ക് യാത്ര, അപകടകരമായി ലോഡ് കയറ്റിപ്പോകുന്ന വാഹനങ്ങൾ, രണ്ട് പേരിൽ കൂടുതൽ യാത്ര ചെയ്യുന്ന ടൂ വീലറുകൾ തുടങ്ങിയ നിയമലംഘനങ്ങളുടെ ഫോട്ടോ, വീഡിയോ മുതലായവ പൊതുജനങ്ങൾ അയച്ച് നൽകിയാൽ അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എൻ.ഐ.സി തയ്യാറാക്കിവരുന്ന ഇ-ചെലാൻ സോഫ്റ്റ് വെയറിലൂടെ പൊതുജനങ്ങൾക്ക് ഇത്തരത്തിലുള്ള നിയമലംഘനങ്ങളെ മോട്ടോർ വാഹന അധികാരികളെ അറിയിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തെ മുഴവൻ ഡ്രൈവിംഗ് പരിശീലകർക്കും ശാസ്ത്രീയ പരിശീലനം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്തെ മുഴവൻ ഡ്രൈവിംഗ് പരിശീലകർക്കും ശാസ്ത്രീയ പരിശീലനം ഉറപ്പാക്കുന്നതിലേയ്ക്കായി മലപ്പുറം, ഇടപ്പാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രെയിനിംഗ് റിസർച്ചിന്റെ കീഴിൽ ഓരോ ജില്ലയിൽ നിന്നുമുള്ള മോട്ടോർ ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്ക് 5 ദിവസത്തെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാംസ് നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ